**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 814** **06-12-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ വകുപ്പിലെ താൽക്കാലിക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സഹകരണ വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും നടത്തിയ താൽക്കാലിക നിയമനങ്ങൾ, കരാർ നിയമനങ്ങൾ എന്നിവയുടെ എണ്ണം എത്രയെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ 15 താൽക്കാലിക നിയമനങ്ങളും 4 കരാർ നിയമനങ്ങളും നടത്തിയിട്ടുണ്ട്. സഹകരണ വകുപ്പിൽ ഒരു കരാർ നിയമനവും നടത്തിയിട്ടുണ്ട്. |
| (ബി) | ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്നും വ്യക്തമാക്കുമോ; | (ബി) | സഹകരണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ ഡ്രൈവർ, ക്ലർക്ക്, സ്റ്റാഫ് നേഴ്സ്, ലാബ് ടെക്നീഷ്യൻ, റേഡിയോഗ്രാഫർ, ലൈബ്രേറിയൻ, സെക്യൂരിറ്റി, സ്വീപ്പർ, കമ്പ്യൂട്ടർ അസിസ്റ്റന്റ്, ജോയിന്റ് ഡയറക്ടർ, സീനിയർ ഫിനാൻസ് ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനീയർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നീ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്. ടി തസ്തികകളിൽ നിയമിതരായ വ്യക്തികൾക്ക് വേതനവും മറ്റ് ആനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസം ആകെ 4,12,235/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>സഹകരണ വകുപ്പിൽ അസിസ്റ്റന്റ് രജിസ്ട്രാർ/ എഡിറ്റർ-കം-പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിൽ നിയമിതനായ വ്യക്തിക്ക് 2022 ഒക്ടോബർ മാസം വേതനവും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച് നൽകിയിട്ടില്ല. |
| (സി) | ഇതിൽ എംപ്ലോയ്മെന്റ് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗം ഏതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ? | (സി) | സഹകരണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ അതാത് സ്ഥാപനങ്ങൾ നിയമനങ്ങൾ നേരിട്ട് നടത്തിയിട്ടുള്ളതാണ്.<br><br>സഹകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ/ എഡിറ്റർ-കം-പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിലേക്ക് വകുപ്പിലെ ജേർണലിസം യോഗ്യതയുള്ളവരുടെ അഭാവത്തിൽ വകുപ്പിന്റെ മുഖമാസികയായ സഹകരണവീഥി മുടക്കം വരാതെ പ്രസിദ്ധപ്പെടുത്തേണ്ടത് കണക്കിലെടുത്താണ് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ